<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89**</u> <u>**02-02-2026 - ൽ മറുപടിയ്ക്ക്**</u>

<u>**പട്ടികവിഭാഗ പദ്ധതികൾ അനർഹർ തട്ടിയെടുക്കുന്നത് തടയുന്നതിന് നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള സർക്കാർ പദ്ധതികൾ ബോധപൂർവ്വം വൈകിപ്പിക്കുകയും ഗുണഭോക്താക്കളെ ഒഴിവാക്കി അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ചെയ്യുന്ന പ്രവണത തുടർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | DBT (Direct Benefit Transfer) മുഖേന സഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് എത്തിക്കുന്നതുവഴി പദ്ധതിയുടെ പ്രയോജനം നേരിട്ട് എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ളവ ഉൾപ്പെടെ എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നുമുണ്ട്. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി പ്രൊമോട്ടർമാർ എന്നിവരുടെ സാന്നിധ്യത്തിൽ നടക്കുന്ന ഊരുകൂട്ടങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഇക്കാര്യത്തിൽ സജീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. മാത്രവുമല്ല കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, ഫെസിലിറ്റേറ്റർമാർ എന്നിവരുടെ സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇത് കൂടാതെ ഓരോ ജില്ലയുടെയും പുരോഗതി ഡയറക്ടറേറ്റിലെ നിയന്ത്രണ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിലയിരുത്തി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും വിവിധ സേവനങ്ങളെക്കുറിച്ചും പട്ടിക വർഗ്ഗക്കാർക്കും, പൊതു ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടാകുന്ന വിവിധ സംശയങ്ങളും വിവരങ്ങളും അറിയിക്കുന്നതിനായി **18004252312** എന്ന ടോൾ ഫ്രീ നമ്പർ സേവനം 2017 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, ഭവന നിർമ്മാണം, മറ്റ് ധനസഹായം തുടങ്ങിയ എല്ലാ പദ്ധതികളെക്കുറിച്ചുമുള്ള സംശയങ്ങളും അന്വേഷണങ്ങളും ദൂരീകരിക്കുന്നതിന് ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും പട്ടിക വർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിന് പ്രമോട്ടർമാർക്ക് പരിശീലനം നൽകുന്നുണ്ട്.<br><br>സംസ്ഥാന പ്ലാനിങ് ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്ലാൻ സ്പേസ് വഴി ഫണ്ടിന്റെ ഉപയോഗം, കുടിശിക എന്നിവയുടെ വിവരങ്ങൾ ഓഫീസുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കി സുതാര്യത ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ